# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.8034 24.07.2012 ൽ മറുപടിയ്ക്ക്

**<u>സൈക്കിൾ യാത്ര പ്രോത്സാഹിപ്പിക്കാൻ പദ്ധതി</u>**

| ചോദ്യം<br>ശ്രീ. കെ. ദാസൻ | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി |
|---|---|---|
| പെട്രോളിയം ഉപയോഗം ഗതാഗതമേഖലയിൽ നിയന്ത്രിക്കുന്നതോടൊപ്പം ബദൽ ഗതാഗതമെന്ന നിലയിൽ ലോകമാകെ അംഗീകരിക്കപ്പെട്ട ചൈനീസ് മോഡൽ സൈക്കിൾ യാത്ര പ്രോത്സാഹിപ്പിക്കാൻ ഒരു പദ്ധതി ആവിഷ്കരിക്കുമോ? | | വ്യക്തിഗത വാഹനങ്ങളുടെ ഉപയോഗം കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ പബ്ലിക് ട്രാൻസ്പോർട്ട് സംവിധാനം മെച്ചപ്പെടുത്തിയും ജവഹർലാൽ നെഹ്റു നാഷണൽ അർബൻ റിന്യൂവൽ മിഷൻ (JNNURM) പദ്ധതിയിൽപ്പെടുത്തി മെച്ചപ്പെട്ട സൗകര്യങ്ങളോടുകൂടി ബസ് സർവ്വീസുകൾ ആരംഭിച്ചും, കൂടാതെ മാസ് റാപ്പിഡ് ട്രാൻസ്പോർട്ട് സിസ്റ്റം (മോണോ റെയിൽ, മെട്രോ റെയിൽ) എന്നിവ വിവിധ നഗരങ്ങളിൽ നടപ്പിലാക്കിയും പെട്രോളിയം ഉപയോഗം നിയന്ത്രിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.പെട്രോളിയം ഉപയോഗം കുറയ്ക്കുന്നതിനും പരിസ്ഥിതി മലിനീകരണം കുറയ്ക്കുന്നതിനും സൈക്കിൾ യാത്ര പ്രോത്സാഹിപ്പിക്കുകയെന്നത് ഒരു പരിഹാര മാർഗ്ഗമാണ്. എന്നാൽ സൈക്കിൾ യാത്രയ്ക്കായി റോഡിനോട് ചേർന്ന് പ്രത്യേക ട്രാക്കുകൾ നിർമ്മിച്ചാൽ മാത്രമേ കൂടുതൽ ആളുകൾക്ക് അപകടരഹിതമായി സൈക്കിൾ യാത്ര നടത്താൻ കഴിയുകയുള്ളൂ. ഇത്തരം ഒരു പദ്ധതി ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ